(ബി) ഓരോ ക്രിമറ്റോറിയത്തിനും എത്ര തുകയാണ് നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) എന്നത്തേക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയും എന്നാണ് അനുമാനിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ലെക്കിടി പേരൂർ, അമ്പലപ്പാറ, പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായി ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്തിലും ബഹു. ഒറ്റപ്പാലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിലും മോഡേൺ ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നുണ്ട്.

(ബി) ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന മോഡേൺ ശ്മശാനത്തിന് 86,00,000 രൂപയും കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന മോഡേൺ ശ്മശാനത്തിന് 1,00,80,000 രൂപയുമാണ് പ്രതീക്ഷിക്കുന്നത്.

(സി) ലെക്കടി പേരൂർ ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന മോഡേൺ ശ്മശാനത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പാലക്കാട് ജില്ലാ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാങ്കേതിക അനുമതി ലഭിച്ച ശേഷം ശുചിത്വ മിഷനിൽ നിന്നും അംഗീകാരവും ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പെട്ടെന്ന് ഇ-ടെണ്ടർ നടത്തി തുടങ്ങുന്നതാണ്.

കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന മോഡേൺ ശ്മശാനത്തിന്റെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

തിരുവല പഞ്ചായത്തുകളുടെ വിഭജനം

239 (1611) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവല പഞ്ചായത്തുകളുടെ വിഭജനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിക്കുകയോ വിജ്ഞാപനം ചെയ്യുകയോ ചെയ്തിട്ടുണ്ടോ ;

(ബി) ഏത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ വിവിധ ഗ്രാമ പഞ്ചായത്തുകൾ വിഭജിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പഞ്ചായത്തു വിഭജനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസ്ഥാനത്തെ പ്രമുഖ രാഷ്ട്രീയ പാർട്ടികളുമായി ചർച്ച ചെയ്തിട്ടുണ്ടോ ;

(ഡി) വിവിധ പഞ്ചായത്തുകളുടെ വിഭജനത്തോട് എതിർപ്പ പ്രകടിപ്പിച്ചു കൊണ്ട് ജനപ്രതിനിധികളും പഞ്ചായത്ത് ഭരണസമിതികളും സമർപ്പിച്ച പരാതികൾ പരിശോധിക്കുവാനും ഇവരുമായി ചർച്ച ചെയ്യുവാനും നടപടി സ്വീകരിക്കുകയുണ്ടായോ ;

(ഇ) അത്തരത്തിൽ ചർച്ചകൾക്കൊന്നും തയ്യാറാകാതെ പഞ്ചായത്ത് വിഭജനം സംബന്ധിച്ച നിലപാട് ഏങ്ങനെ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പുതിയ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും വിഭജനവുമായി ബന്ധപ്പെട്ട് മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശം നൽകി. 27-11-2014-ലെ സ.ഉ. (സാധാ) 3113/2014/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ജനസംഖ്യ, ഭൂവിസ്തൃതി, പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിലാണ് വിവിധ ഗ്രാമപഞ്ചായത്തുകൾ വിഭജിച്ചിട്ടുള്ളത്.

(സി) കേരള പഞ്ചായത്ത് രാജ് നിയമം (4)-ാം വകുപ്പ് പ്രകാരം പഞ്ചായത്തു വിഭജനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ രാഷ്ട്രീയ പാർട്ടികളുമായി ചർച്ച ചെയ്യണമെന്ന് വ്യവസ്ഥയില്ല.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ബാധകമല്ല.

ആദർശ് ഗ്രാമ യോജന

240 (1612) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ആദർശ് ഗ്രാമ യോജനയുമായി ബന്ധപ്പെട്ട് ഏതെങ്കിലും പദ്ധതികൾ നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം പഞ്ചായത്തുകൾ ആദർശ് ഗ്രാമ യോജനയിൽ പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly